വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ്

105 [5250] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിലും പഞ്ചായത്തുവകുപ്പിലും ജില്ലാ വികസന കമ്മിറ്റികളിലും ജോലി ചെയ്തിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ജീവനക്കാരെ ഇങ്ങനെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പാലക്കാട് മുനിസിപ്പാലിറ്റിയിൽ എൽ.ഡി.സി. ആയി ജോലി ചെയ്തിരുന്ന അബ്ദുൾ റഹിമാനെ വികലാംഗന്റെ ആനുകൂല്യം നൽകി സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള 40963/എച്ച്2/01/തദ്ദേശ സ്വയംഭരണം നമ്പർ ഫയലിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ശ്രീ. അബ്ദുൾ റഹിമാനെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് നൽകിയതുപോലെ സർവ്വീസ് റഗുലറൈസ് ചെയ്തു കൊണ്ടോ, പുനർനിയമനം നൽകിക്കൊണ്ടോ എന്നത്തേയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ശ്രീ. അബ്ദുൾ റഹിമാനെ സർവ്വീസിൽ പുനർനിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാലതാമസം നേരിടാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പബ്ലിക് സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിൽ 1-1-1997 മുതൽ 17-8-1998 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുള്ള വികലാംഗ ജീവനക്കാരെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ 40 ജീവനക്കാരെ അപ്രകാരം, സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിനെ സംബന്ധിക്കുന്ന വിവരം ലഭിച്ചുവരുന്നതേയുള്ളൂ.

(സി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ, എഫ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly